# ആശ്വാസ്- 2015

**Email :** keralarcs.coop@kerala.gov.in
**Website : www. cooperation. kerala.gov.in.**

A.E.L 3435/15

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 16-02-2015.

## സർക്കുലർ നമ്പർ 09/2015

വിഷയം :- സഹകരണ വകുപ്പ - സഹകരണ സംഘം/ബാങ്കുകളിൽ കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി - ആശ്വാസ് - 2015 – സഹകരണ അദാലത്ത് 2015 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവ സംഘടിപ്പിക്കുന്നത്- ഭേദഗതി വരുത്തി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന- സഹകരണ സംഘം രജിസ്ട്രാറുടെ 22/01/2015ലെ 5/2015-ാം നമ്പർ സർക്കുലർ

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ കുടിശ്ശിക കുറയ്ക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകളാക്കി മാറ്റുന്നതിനുമായി സംസ്ഥാനത്തെ സഹകരണ മേഖലയിൽ "ആശ്വാസ് 2015" നടപ്പിലാക്കി കൊണ്ട് മേൽ സൂചന സർക്കുലർ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത സർക്കുലറിൽ I. സഹകരണ അദാലത്ത് സംബന്ധിച്ച് ഖണ്ഡിക 8-ൽ അദാലത്തിൽ വായ്പ കണക്ക് അവസാനിപ്പിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു. ആയത് ഭേദഗതി ചെയ്ത് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

"10 ലക്ഷം രൂപ വരെയുള്ള വായ്പകൾ അദാലത്തിൽ പരിഗണിക്കുമ്പോൾ കുടിശ്ശികയായ വായ്പയുടെ മുതൽ തുകയും വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരം പലിശ തുകയും ഈടാക്കി വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. പലിശ ബാക്കി നിൽപ്പ് മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് അപ്രകാരം അധികരിച്ച പലിശതുകയുടെ 5% ൽ അധികരിക്കാതെയുള്ള തുക പരമാവധി 20,000/- രൂപ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജും കൂടി ഈടാക്കിയും മറ്റ് ചെലവുകൾ ഒഴിവാക്കിയും എന്നാൽ ആർബിട്രേഷൻ/ എക്സിക്യൂഷൻ ഫീസ് ഈടാക്കിയും അതാതു സംഘം/ബാങ്ക് ഭരണ സമിതിക്ക് അദാലത്തിൽ തീരുമാനം കൈക്കൊണ്ട് വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. ഇപ്രകാരം വായ്പകൾക്ക് പലിശ കണക്കാക്കുമ്പോൾ ഉചിതവും, അർഹതയുമുണ്ടെന്ന് വിലയിരുത്തുന്ന ഖണ്ഡിക 5 ൽ പരാമർശിച്ചിട്ടുള്ള കേസുകളിൽ ആർബിട്രേഷൻ ഫീസ്, എക്സിക്യൂഷൻ ഫീസ് എന്നിവ ഒഴിവാക്കി കൊടുക്കാവുന്നതുമാണ്."

ടി സർക്കുലർ ഖണ്ഡിക II (4) പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുന്ന 20 ലക്ഷത്തിന് മുകളിലുള്ളതും പൂർണ്ണമായും കുടിശ്ശികയായതുമായ വായ്പകളുടെ പലിശ നിരക്ക് സംബന്ധിച്ച് താഴെ പറയുന്ന രീതിയിൽ ഭേദഗതി ചെയ്യുന്നു.

"20 ലക്ഷം രൂപയ്ക്ക് മുകളിലുള്ളതും പൂർണ്ണമായും കുടിശ്ശികയായതുമായ വായ്പകളുടെ ബാക്കിനിൽപ്പ് **മുതൽ തുക, വായ്പയെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശനിരക്കോ, നിലവിലുള്ള പലിശ നിരക്കോ** ഏതാണോ കുറവ് ആയത് പ്രകാരമുള്ള പലിശ നിരക്കിൽ അടച്ചു തീർക്കാവുന്നതും, പലിശ ബാക്കിനിൽപ്പ് മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ അപ്രകാരം അധികരിച്ച പലിശ തുകയുടെ 25% തുക ഭരണചെലവ്/എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഇനത്തിൽ ഈടാക്കി പിഴപലിശ, മറ്റ് ചെലവുകൾ എന്നിവ ഒഴിവാക്കി നൽകി കണക്ക് അവസാനിപ്പിക്കാവുന്നതാണ്".

സൂചന സർക്കുലറിലെ മറ്റ് പരാമർശങ്ങൾക്ക് യാതൊരു മാറ്റവുമില്ലാത്തതാണ്.

ഒപ്പ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് :

1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
2. എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
3. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ.
5. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
6. മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്,
   തിരുവനന്തപുരം.
7. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
8. പ്രസിഡന്റ്/ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്കുകൾ.
9. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, ജില്ലാ സഹകരണ ബാങ്കുകൾ/കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ.
10. ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ,.... . . . . . . . . . . . . . . . .
11. പ്രസിഡന്റ്/സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ, തിരുവനന്തപുരം.
12. പ്രസിഡന്റ്/സെക്രട്ടറി, പി.എ.സി.എസ് അസോസിയേഷൻ,
    തിരുവനന്തപുരം.

13. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/വാല്യുവേഷൻ ആഫീസർമാർക്കും
14. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
15. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
16. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും/ സെക്ഷനുകൾക്കും
17. രജിസ്ട്രാറുടെ മേശപ്പുറത്ത്
18. എഡിറ്റർ, സഹകരണ വീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)
19. വെബ്സൈറ്റ്
20. സ്റ്റോക്ക് ഫയൽ
21. സ്പെയർ.